# ഏദൻ വില്ല
# നിയമാവലി

I.ആമുഖം:

ജീവിത സായാഹ്നത്തിൽ  വയോജനങ്ങൾക്ക് സമാധാനവും ആനന്ദവും നിറഞ്ഞ ഒരു ജീവിതം നല്കുക എന്ന മഹത്തായ ഉദ്ദേശ്യത്തോടെ ഭാരതക്ഷേമം ആരംഭിച്ചിരിക്കുന്ന മാതൃകാ വൃദ്ധജനകേന്ദ്രമാണ് "ഏദൻ വില്ല". ആര്യംപാടത്ത് ഭാരതക്ഷേമം ആശുപത്രി നിലകൊളളുന്ന വിശാലമായ തെങ്ങിൻ തോപ്പും, ആശുപത്രിയിലെ ചികിത്സാസൗകര്യങ്ങളും, സൗഹൃദ പൂർണമായ പരിചരണങ്ങളും കേന്ദ്രത്തിലെ സഹവാസികൾക്ക് ഹൃദ്യമായ അനുഭവമാകും.

II.പശ്ചാത്തലം

അനാഥശാലയുടെ രൂപ ഭാവങ്ങളിൽ അനേകം വൃദ്ധമന്ദിരങ്ങൾ ഇന്ന് കേരളത്തിൽ അങ്ങോള മിങ്ങോളം ധാരാളമായി ജന്മമെടുത്തിട്ടുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ ഒറ്റപ്പെട്ടു പോകുന്ന, എന്നാൽ സാമ്പത്തികമായി മേൽത്തട്ടിൽ നില്ക്കുന്ന, വയോജനങ്ങൾക്ക് ആവശ്യമായ പരിരക്ഷയും, പരിചരണങ്ങളും, സ്നേഹാന്വേഷണങ്ങളും, പ്രാഥമിക ചികിത്സാസൗകര്യങ്ങളും നല്കുവാൻ പ്രാപ്തിയുളള സ്ഥാപനങ്ങൾ തുലോം വിരളമാണ്. ഇത്തരക്കാർക്ക് തികച്ചും അനുയോജ്യമാണ് ഭാരതക്ഷേമത്തിന്റെ ഈ സ്ഥാപനം. ഇതിൽ നിന്ന് ലഭിക്കുന്ന ലാഭം മുഴുവനും ജീവകാരുണ്യപ്രവൃത്തികൾക്ക് മാത്രമായി വിനിയോഗിക്കുവാനാണ് നിശ്ചയിച്ചിട്ടുളളത്.

III. നടത്തിപ്പ്

"ഏദൻ വില്ല" ഭാരതക്ഷേമം കമ്പനിയുടെ ഭരണനിയന്ത്രണത്തിലുളള ഒരു സ്ഥാപനമാണ്. കമ്പനിയുടെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രത്യേകമായി തയ്യാറാക്കിയിട്ടുളള നിയമാവലി അനുസരിച്ചായിരിക്കും ഇതിന്റെ പ്രവർത്തനം. ഭാരതക്ഷേമം കമ്പനിയുടെ ഉടമസ്ഥതയിൽ  ആര്യംപാടം ദേശത്ത് മുണ്ടത്തിക്കോട് വില്ലേജ് സർവ്വെ നമ്പർ 55/1 P, 53/P കളിൽ  ഉളള 6 ഏക്കർ 67 സെന്റ് തെങ്ങിൻ പുരയിടത്തിന്റെ ഒരു ഭാഗത്താണ് ഏദൻവില്ലയുടെ ഭാഗമായ വീടുകൾ സ്ഥിതി ചെയ്യുന്നത്.

IV. നിർവ്വാഹക സമിതി (Executive Committee)

"ഏദൻ വില്ല" യുടെ ഭരണച്ചുമതല  അതിന്റെ നിർവാഹക സമിതി (Executive Committee) യിൽ നിക്ഷിപ്തമായിരിക്കും. ഉപദേശക സമിതിയുടെ അഭിപ്രായങ്ങളും, അന്തേവാസികളുടെ പ്രതികരണങ്ങളും അവരിൽ നിന്നും ലഭിക്കുന്ന സൂചനകളും കണക്കിലെടുത്ത് ആയിരിക്കും നിർവാഹക സമിതിയുടെ തീരുമാനങ്ങളും പ്രവർത്തനവും.

അംഗങ്ങൾ:

| | |
|---|---|
| 1) പ്രസിഡന്റ് (President) | Chairman of Bharathakshemam |
| 2) അഡ്മിനിസ്ട്രേറ്റർ (Administrator) | Director of Bharathakshemam |
| 3) മാനേജർ (Manager) | General Manager - Bharathakshemam |
| 4) അംഗം | Director of Bharathakshemam |
| 5) അംഗം | Site Manager of Eden Villa |

നിർവ്വാഹകസമിതിയുടെ യോഗം രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും കൂടേണ്ടതും താഴെപ്പറയുന്ന കാര്യങ്ങളിൽ തീരുമാനങ്ങൾ എടുക്കേണ്ടതും നടപ്പാക്കേണ്ടതുമാണ്.

1. ഏദൻവില്ലയുടെ നടത്തിപ്പിനുള്ള നയപരമായ കാര്യങ്ങൾ നിശ്ചയിക്കുക.

2. ചട്ടങ്ങൾ ആവശ്യാനുസരണം പരിഷ്ക്കരിക്കുക.

3. ജീവനക്കാരുടെ നിയമനത്തിന് വേണ്ടതായ മാനദണ്ഡങ്ങൾ നിശ്ചയിക്കുക. യോഗ്യരായവരുടെ പട്ടിക ഭാരതക്ഷേമത്തിന്റെ ഡയറക്ടർ ബോർഡിനു സമർപ്പിക്കുക. ജീവനക്കാരുടെ നിയമനങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ഭാരതക്ഷേമം ഡയറക്ടർ ബോർഡിന്റേതായിരിക്കും.

4. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾക്ക് രൂപം നൽകി ഭാരതക്ഷേമം ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെ നടപ്പാക്കുക.

5. ആവശ്യമെങ്കിൽ ജീവനക്കാർക്കെതിരെ അച്ചടക്കനടപടികളും, അന്വേഷണം നടത്തി ബോധ്യംവന്ന ശേഷം ശിക്ഷണ നടപടികളും എടുക്കുക.

6. ഏദൻവില്ലയുടെ നടത്തിപ്പിന് വേണ്ടി വരുന്ന തുക കണ്ടെത്തുക, അത് അംഗീകൃത ബാങ്കുകളിൽ നിക്ഷേപിക്കുക, കൃത്യമായ വരവ്/ചെലവ് കണക്ക് സൂക്ഷിക്കുക, വാർഷിക കണക്ക് ഓഡിറ്റ് ചെയ്യാനുള്ള ഏർപ്പാട് ചെയ്യുക, അടുത്ത വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുക, അവ വർഷാരംഭത്തിൽ കൂടുന്ന നിർവ്വാഹക സമിതി (Executive Committee) യിൽ വച്ച് പാസാക്കിയെടുക്കുക.

7. നിത്യനിദാന ചെലവുകൾക്ക് വേണ്ടി വരുന്ന തുക കണക്കാക്കി അന്തേവാസികൾ മാസാമാസം അടക്കേണ്ട തുകകൾ നിശ്ചയിക്കുക, നിലവിലുള്ള നിരക്കുകൾ കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുവാനുള്ള നിർദ്ദേശം കമ്പനി ഡയറക്ടർബോർഡിന് നല്കുക.

8. ഒഴിച്ചു കൂടാനാവാത്ത സാഹചര്യത്തിൽ മുൻകൂർ അനുവാദം വാങ്ങാതെ പതിനായിരം (Rs.10,000/-) രൂപയിൽ കവിയാത്ത തുക ചെലവ് ചെയ്യുവാൻ നിർവ്വാഹക സമിതിക്ക് അധികാരമുണ്ട്, എന്നാൽ മേല്പടി ചെലവ് സംബന്ധിച്ച വിവരങ്ങൾ കമ്പനിയുടെ അടുത്ത ബോർഡ് മീറ്റിംഗിൽ സമർപ്പിച്ച് അംഗീകാരം (Ratification) വാങ്ങിയിരിക്കണം.

9. ഏതെങ്കിലും സാഹചര്യത്തിൽ, ഒരു അന്തേവാസിയെ ഏദൻവില്ലയിൽ നിന്ന് ഒഴിവാക്കുക.

10. ഏദൻവില്ലയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ മറ്റു നടപടികൾ സ്വീകരിക്കുക.

## V. ഉപദേശക സമിതി (Advisory Committee)

ഏദൻവില്ലയുടെ നടത്തിപ്പും പ്രവർത്തനവും വിലയിരുത്തി കാര്യക്ഷമമായ നിർവ്വഹണത്തിനും, പ്രവർത്തനക്ഷമത അഭിവൃദ്ധിപ്പെടുത്തുന്നതിനും ആവശ്യമായ ശുപാർശകളും, നിർദ്ദേശങ്ങളും നല്കുക എന്നതാണ് ഉപദേശകസമിതിയുടെ ചുമതല. ടി സമിതി, വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ഓരോ അർദ്ധവാർഷികത്തിലായി സമ്മേളിക്കേണ്ടതാണ്.

### A. അംഗങ്ങൾ

ഉപദേശകസമിതിയിൽ മൂന്ന് തരം അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

a) ഔദ്യോഗിക അംഗങ്ങൾ
b) അന്തേവാസികളുടെ പ്രതിനിധികൾ
c) വിദഗ്ധരും അഭ്യുദയകാംക്ഷികളും

a) ഔദ്യോഗിക അംഗങ്ങൾ

1) ഭാരതക്ഷേമം കമ്പനി ചെയർമാൻ/ഡെ.ചെയർമാൻ
2) ഏദൻവില്ലയിലെ സൈറ്റ് (site) മാനേജർ
3) ഭാരതക്ഷേമം ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട്
4) " നഴ്സിംഗ് സൂപ്രണ്ട്

b) അന്തേവാസികളുടെ പ്രതിനിധികൾ

സ്ത്രീ-പുരുഷ വിഭാഗങ്ങളിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന ഓരോ അംഗങ്ങൾ.

c) വിദഗ്ദരും അഭ്യുദയകാംക്ഷികളും

കമ്പനി ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾ.

B. ഉപദേശക സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

1. ഏദൻ വില്ലയുടെ പ്രധാന പ്രവർത്തന മേഖലകളായ താമസം, ഭക്ഷണം, ചികിത്സ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയുടെ കാര്യക്ഷമത വിലയിരുത്തി ആവശ്യമായ പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കുക.

2. ഏദൻ വില്ലയുടെ വരവ്-ചെലവ് കണക്കുകളും, ബജറ്റും വിശകലനം ചെയ്ത് സാമ്പത്തികനില ഭദ്രമാക്കുവാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നല്കുക.

3. നിലവിലുള്ള നിയമങ്ങൾക്കും, ചട്ടങ്ങൾക്കും എന്തെങ്കിലും ഭേദഗതി ആവശ്യമാണെന്ന് തോന്നുന്ന പക്ഷം, അതിനുള്ള ഉപദേശങ്ങൾ നിർവ്വാഹക സമിതിക്ക് സമർപ്പിക്കുക.

4. മറ്റു ഉചിതമായ നിർദേശങ്ങളും, അഭിപ്രായങ്ങളും, നിർവ്വാഹക സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുക.

VI. പ്രവേശനം

''ഏദൻ വില്ല'' യിലെ വീടുകളുടെ നിർമ്മാണം, രണ്ടുപേർക്ക് താമസിക്കാവുന്ന വിധത്തിൽ, വില്ലകളുടെ രൂപത്തിലായതിനാൽ, ഒരു വില്ലയിൽ രണ്ടു പേർക്ക് - ഭാര്യയും ഭർത്താവുമാണെങ്കിൽ അഭിലഷണീയം - താമസിക്കാവുന്നതാണ്. അപേക്ഷകൾ പ്രത്യേകം തയ്യാറാക്കിയ ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകരുടെ അർഹത വിലയിരുത്തി പ്രവേശനം നിയമാനുസൃതം ഭാരതക്ഷേമം കമ്പനി ഡയറക്ടർ ബോർഡ് നടത്തുന്നതായിരിക്കും. കാരണം പറയാതെ ഏതൊരു അപേക്ഷയും നിരസിക്കാൻ കമ്പനി ഡയറക്ടർ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്. പ്രവേശനം അനുവദിക്കുന്നതിനുള്ള മുഴുവൻ അധികാരവും കമ്പനി ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമായിരിക്കും, അവരുടെ തീരുമാനം അന്തിമവുമായിരിക്കും.

## A. പ്രവേശനത്തിനുള്ള പ്രത്യേക നിബന്ധനകൾ

1. അപേക്ഷകരിൽ പുരുഷന് 65 വയസ്സും, സ്ത്രീകൾക്ക് 60 വയസ്സും തികഞ്ഞിരിക്കണം. ഭാര്യയും ഭർത്താവുമാണെങ്കിൽ അവരിൽ ഒരാൾക്കെങ്കിലും 65 വയസ്സ് തികഞ്ഞിരിക്കണം.

2. അപേക്ഷകൾ, അതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക ഫാറത്തിൽ ഭാരതക്ഷേമം കമ്പനിയുടെ തൃശ്ശൂർ സെന്റ് തോമസ് കോളജ് റോഡിലുള്ള ഹെഡാഫീസിലാണ് സമർപ്പിക്കേണ്ട ത്.

3. "ഏദൻ വില്ല" യിലെ ദിനചര്യകളിൽ പങ്കെടുക്കുവാൻ സാധിക്കാത്ത കിടപ്പുരോഗികൾക്കും, അംഗവൈകല്യമുള്ളവർക്കും, മാനസികരോഗികൾക്കും, മാറാരോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവ ഉള്ളവർക്കും അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുകയില്ല. അപേക്ഷയോടൊപ്പം ഈ രോഗങ്ങൾ ഇല്ല എന്നതിനുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

4. പ്രവേശനസമയത്ത് ഉത്തരവാദിത്വപ്പെട്ട രണ്ടു പേർ അന്തേവാസിയുടെ മാന്യമായ പെരുമാറ്റം, അപ്പപ്പോൾ വരുന്ന ചെലവുകൾ, എല്ലാ മാസവും ഭക്ഷണത്തിനും മറ്റാവശ്യങ്ങൾക്കും വരുന്ന ചെലവുകൾ, ആവശ്യമെന്നു വന്നാൽ മരണാനന്തര കർമ്മങ്ങൾ നടത്തുക എന്നിവയുടെ ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ടുള്ള ഗ്യാരണ്ടി ബോണ്ട് മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ടു തരേണ്ടതാണ്. സാഹചര്യങ്ങൾ നിർബന്ധിക്കുന്നപക്ഷം, താൻ ഉത്തരവാദിത്വമേറ്റെടുത്ത അന്തേവാസിയെ/അന്തേവാസികളെ, വൃദ്ധമന്ദിരത്തിൽ നിന്നും ഒഴിവാക്കാൻ കമ്പനി അധികൃതരോട് സഹകരിക്കാമെന്നുള്ള ഉറപ്പും കൊടുക്കേണ്ടതാണ്.

5. സാധാരണനിലയിൽ 15 വർഷത്തേക്കാണ് പ്രവേശനം അനുവദിക്കുന്നത്. ടി കാലാവധി കഴിഞ്ഞ് താമസം തുടർന്നു പോകണമെങ്കിൽ പുതുതായി അപേക്ഷ സമർപ്പിക്കുകയും, അതു ഭാരതക്ഷേമം ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും വേണം. പുതിയ കരാർ, ഗ്യാരണ്ടി ബോണ്ട് തുടങ്ങിയവ ഒപ്പിട്ടു സമർപ്പിക്കുകയും വേണം

6. ഓരോ അപേക്ഷകനും, ഏദൻവില്ലയിൽ താമസമാക്കുന്നതിനുമുമ്പ് തന്റെ ഭാവിയെകുറിച്ചുള്ള തീരുമാനങ്ങൾ മരണപത്രം (WILL) എഴുതി രജിസ്റ്റർ ചെയ്തു സൂക്ഷിക്കുന്നത് ഉചിതമാണ്.

## B. പൊതുനിർദേശങ്ങൾ

ഏദൻവില്ലയിലെ അന്തേവാസികൾ വിഭിന്ന സ്വഭാവക്കാരായതുകൊണ്ടും, വ്യത്യസ്തമായ പശ്ചാത്തലത്തിലും, സാഹചര്യത്തിലും, അന്തരീക്ഷത്തിലും വളർന്നവരായതുകൊണ്ടും, ഒരുമിച്ച് താമസിക്കുകയും സഹവസിക്കുകയും ചെയ്യുമ്പോൾ, അവിടുത്തെ ജീവിതം സുഗമവും, സന്തോഷപ്രദവും ആകണമെങ്കിൽ, എല്ലാവരുടെയും സഹകരണവും, പരസ്പരധാരണയും ആവശ്യമാണ്. അതിനാൽ, പൊതുവായ നിർദ്ദേശങ്ങളും, നിബന്ധനകളും അത്യാവശ്യവും എല്ലാവരാലും അനുസരിക്കപ്പെടേണ്ടതും ആകുന്നു.

1. ഏദൻ വില്ലയിലെ കാര്യപരിപാടി, ഭക്ഷണം, പ്രാർത്ഥന, വിനോദം, വിശ്രമം, അതിഥിസ്വീകരണം മുതലായ കാര്യങ്ങളിൽ എല്ലാവരും സമയനിഷ് ഠയും, മിതത്വവും നിർബന്ധമായും പാലിക്കേണ്ടതാണ്.

2. അന്തേവാസികൾ അവരുടെ സംസാരംകൊണ്ടും, പ്രവൃത്തികൊണ്ടും, വാർത്താമാധ്യമങ്ങളുടെ അമിതമായ ഉപയോഗം കൊണ്ടും, അതിഥിസ്വീകരണം കൊണ്ടും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

3. ഓരോരുത്തരുടെയും മുറികളും, പരിസരങ്ങളും, പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്, ഓരോ വില്ലയിലും ഘടിപ്പിച്ചിട്ടുള്ളവയും, ഉപയോഗത്തിന്നായി തന്നിട്ടുള്ളവയുമായ ഉപകരണ,സാധന,സാമഗ്രികൾ കേടുവരാതേയും, വൃത്തിയായും സൂക്ഷിക്കണം. അശ്രദ്ധയോടെയും, അലക്ഷ്യമായും കൈകാര്യം ചെയ്യുകമൂലം ഇവ കേടുവന്നാൽ നന്നാക്കിയെടുക്കുന്നതിനുള്ള ചെലവ് അവരവർ തന്നെ വഹിക്കേണ്ടതാണ്. നന്നാക്കിയെടുക്കാൻ സാധിക്കാത്തവിധം കേടുവന്നാൽ പുതിയവ വാങ്ങുന്നതിനുള്ള ചെലവ് ഉത്തരവാദിയായ അന്തേവാസി വഹിക്കേണ്ടതാണ്.

4. അന്തേവാസികളുടെ ഹോബികൾ, പെരുമാറ്റശീലങ്ങൾ മുതലായവ മറ്റുള്ളവർക്ക് അലോസരമുണ്ടാക്കാൻ ഇടവരുത്തരുത്.

5. ''ഏദൻ വില്ല'' യിലെ മാനേജർ യഥാകാലം നല്കുന്ന നിർദ്ദേശങ്ങൾ അന്തേവാസികൾ സഹകരണബുദ്ധിയോടെ സ്വീകരിച്ച് പാലിക്കേണ്ടതാണ്.

6. നടത്തിപ്പിലെ പരാതികളും, പ്രശ്നങ്ങളും അപ്പപ്പോൾതന്നെ മാനേജരെയോ, പ്രസിഡന്റിനെയോ അറിയിക്കേണ്ടതാണ്.

## VII. <u>വരവ്-ചെലവുകൾ</u>

''ഏദൻ വില്ല'' ഒരു സ്വയംപര്യാപ്ത സ്ഥാപനമായിട്ടാണ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. അന്തേവാസികൾക്കോ അവരുടെ ഉത്തരവാദിത്വപ്പെട്ട ബന്ധുക്കൾക്കോ, അനന്തരാവകാശികൾക്കോ ''ഏദൻ വില്ല'' യുടെ സ്ഥാവര, ജംഗമ സ്വത്തുക്കളിൽ യാതൊരു വിധത്തിലുള്ള ഉടമസ്ഥാവകാശമോ, കൈവശാവകാശമോ ലഭിക്കുകയില്ല. ഒരു അന്തേവാസിയായി പ്രവേശനം ലഭിക്കുന്നതിന് താഴെപ്പറയുന്ന വിധത്തിലുള്ള തുകകൾ മുൻകൂറായി അടക്കേണ്ടതാണ്.

<u>ഡെപ്പോസിറ്റുകൾ, ഫീസുകൾ</u>

a) <u>**അപേക്ഷാ ഫീസ്**</u> : ഓഫീസ് ചെലവുകൾ, സ്റ്റാമ്പ് പേപ്പർ മുതലായവയ്ക്കായി 5000 രൂപ അപേക്ഷയോടൊപ്പം അടക്കേണ്ടതാണ്.

b) <u>**പ്രവേശന ഫീസ്**:</u> **2,00,000 രൂപ.** തിരികെ ലഭിക്കുന്നതല്ല. എന്നാൽ മൂന്നു മാസം ദൈർഘ്യമുള്ള പ്രാഥമികവാസക്കാലം (പരീക്ഷണകാലം) അനുവദിക്കുന്നതാണ്. ഈ കാലഘട്ടത്തിൽ, അപേക്ഷകർ ''ഏദൻ വില്ല'' യിലെ താമസം ഉപേക്ഷിക്കുകയാണെങ്കിൽ 1,50,000/- രൂപ തിരികെ നൽകുന്നതായിരിക്കും.

**അപേക്ഷകർ ദമ്പതികൾ ആണെങ്കിൽ മാത്രം ഒരു പ്രവേശനഫീസ് നൽകിയാൽ മതിയാകും.**

c) <u>**പലിശരഹിത ഡെപ്പോസിറ്റ്**:</u> **10,00,000/ രൂപ**. താഴെ പ്പറയുന്ന മുറയ്ക്ക് മേല്പടി ഡെപ്പോസിറ്റ് തുക പലിശയില്ലാതെ തിരികെ നല്കുന്നതാണ്.

i) മുന്ന് മാസത്തെ പ്രാരംഭകാലഘട്ടത്തിൽ വിട്ട് പോകുന്നവർക്ക് മുഴുവൻ തുകയും തിരികെ നല്കും.

ii) ഒരു വർഷത്തിനുള്ളിൽ താമസം മതിയാക്കുകയാണെങ്കിൽ 9,50,000 രൂപ തിരികെ നല്കുന്നതാണ്.

| | | | |
|---|---|---|---|
| iii) രണ്ടു വർഷത്തിനുള്ളിൽ | -റ്റീ | 9,00,000 രൂപ | ,, |
| iv) മൂന്ന് വർഷത്തിനുള്ളിൽ | -റ്റീ | 8,50,000 രൂപ | ,, |
| v) നാല് വർഷത്തിനുള്ളിൽ | -റ്റീ | 8,00,000 രൂപ | ,, |

| | | | |
|---|---|---|---|
| vi) അഞ്ച് വർഷത്തിനുള്ളിൽ | -റീ | 7,50,000 രൂപ | ,, |
| vii) ആറ് വർഷത്തിനുള്ളിൽ | -റീ | 7,00,000 രൂപ | ,, |
| viii)ഏഴ് വർഷത്തിനുള്ളിൽ | -റീ | 6,50,000 രൂപ | ,, |
| ix) എട്ട് വർഷത്തിനുള്ളിൽ | -റീ | 6,00,000 രൂപ | ,, |
| x) ഒമ്പത് വർഷത്തിനുള്ളിൽ | -റീ | 5,50,000 രൂപ | ,, |
| xi) ഒമ്പത് വർഷമോ അതിന് ശേഷമോ | -റീ | 5,00,000 രൂപ | ,, |

പതിനഞ്ചു വർഷം കഴിഞ്ഞ് പുതിയ അപേക്ഷ സമർപ്പിച്ച് കരാർ പുതുക്കുമ്പോൾ, അതാതുകാലത്ത് നിലവിലുള്ള പലിശരഹിത ഡെപ്പോസിറ്റ് തുകയുടെ 50% ത്തിന് തുല്യമായ തുക പുതിയതായി ഡെപ്പോസിറ്റ് ചെയ്യണം. അപ്പോൾ നിലവിലുള്ള നിയമമനുസരിച്ച് ആയത് തിരികെ നല്കുന്നതുമായിരിക്കും. മുൻ ഡെപ്പോസിറ്റിൽ ശേഷിച്ചിട്ടുള്ള തുക കഴിച്ചു ബാക്കി തുക പുതുതായി ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

d) **<u>ഭക്ഷണച്ചെലവ്</u>** : ഓരോ മാസവും ഒരാൾ ചുരുങ്ങിയത് 3000 രൂപയോ മുൻമാസത്തെ മൊത്തം ചെലവ് ഓരോരുത്തർക്കായി ഭാഗിക്കുമ്പോൾ വരുന്ന തുകയോ ഏതാണ് വലുത്, ആ തുക അടുത്ത മാസത്തേക്ക് മുൻകൂറായി അടയ്ക്കണം. പിന്നീടുള്ള മാസങ്ങളിൽ ഈ പതിവ് തുടർന്നു പോകും.

## VIII. <u>ഏദൻ വില്ലയിലെ സൗകര്യങ്ങൾ</u> :

1) രണ്ടു പേർക്ക് (ഭാര്യയും ഭർത്താവും) സൗകര്യപ്രദമായി താമസിക്കാവുന്ന വിധത്തിലുള്ള ഒരു കിടപ്പു മുറി, അതിനോട് ചേർന്ന കക്കൂസ്, കുളിമുറി, ഹാൾ, സിറ്റൗട്ട്, ഹാളിൽ ഒരു ഭാഗത്ത് ചെറിയ കിച്ചനെറ്റ് എന്നിവ ഉൾപ്പെടുന്ന ഉദ്ദേശം 440 (സ്ക്വയർ ഫീറ്റ്) ചതുരശ്രയടി വിസ്തീർണ്ണമുള്ള വില്ലകളാണ് താമസത്തിനായി കൊടുക്കുന്നത്. ഓരോന്നിലും, രണ്ടു കട്ടിലുകൾ, ഒരു സോഫ, ഒരു ടീപ്പോയി, രണ്ടു മേശ, നാല് കസേരകൾ നിത്യ ഉപയോഗത്തിനായുള്ള വീട്ടുപകരണങ്ങൾ തുടങ്ങിയവ ഓരോ വില്ലയിലും ഉണ്ടായിരിക്കുന്നതാണ്. എല്ലായിടത്തും ഇലക്ട്രിക് ലൈറ്റുകളും, കിടപ്പുമുറിയിൽ ഒന്നും ഹാളിൽ രണ്ടും സീലിംഗ് ഫാനുകളും ഉണ്ടായിരിക്കും. എല്ലാ വില്ലകളിലും കേബിൾ ടിവി/വൈഫൈ/ടെലിഫോൺ കണക്ഷൻ എന്നിവ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ഇവയുടെ വരിസംഖ്യ അവരവർതന്നെ വഹിക്കേണ്ടതാണ്. ഓരോ വില്ലയിലേയും ഇലക്ട്രിസിററി ബില്ല് അതിലെ അന്തേവാസികൾ തന്നെ വഹിക്കണം.

എല്ലാ അന്തേവാസികൾക്കും അവരുടെ പൂർണ്ണവിവരങ്ങൾ അടങ്ങിയ ഏദൻ വില്ലയുടെ ഐഡന്റിറ്റി കാർഡ് നൽകുന്നതായിരിക്കും. ആയത് ഭദ്രമായി സൂക്ഷിക്കേണ്ടതും പുറത്തു പോകുന്ന അവസരങ്ങളിൽ കൈവശം വയ്ക്കേണ്ടതും ആണ്.

2) **<u>പൊതുസ്ഥലങ്ങൾ:</u>**

a) ഓഫീസ്
b) ഭക്ഷണശാല
c) സമ്മേളനമുറി/ലൈബ്രറി
d) തോട്ടം, വില്ലകൾക്കിടയിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ
e) കോളനിക്കുള്ളിലെ പൊതുനിരത്തുകൾ

## 3) പൊതുവായ കാര്യങ്ങൾ

a) സഹായി: ഏദൻ വില്ലയിലെ അംഗങ്ങളിൽ പലരും വാർദ്ധക്യസഹജമായ ക്ഷീണവും, അസ്വസ്ഥതയും ഉള്ളവരും, പരസഹായം കൂടാതെ ജീവിക്കുവാൻ ബുദ്ധിമുട്ടുള്ളവരുമാണെങ്കിൽ അങ്ങനെയുള്ളവരെ സഹായിക്കുവാൻ പൊതുവായി ഒന്നോ, രണ്ടോ സഹായികളെ നിയമിക്കുന്നതായിരിക്കും. അവരുടെ ജോലിയുടെ സ്വഭാവം, വ്യാപ്തി, ജോലിസമയം എന്നിങ്ങനെയുള്ള കാര്യങ്ങൾ മാനേജർ നിശ്ചയിക്കുന്നതാണ്.

b) ശുചീകരണം: വില്ലകളിലെ മുറികൾ, കക്കൂസ്, കുളിമുറി പരിസരപ്രദേശങ്ങൾ എന്നിവ ഒന്നിടവിട്ട ദിവസങ്ങളിൽ അടിച്ചു/തുടച്ചു വൃത്തിയാക്കുന്നതാണ്.

c) ടെലിവിഷൻ, ടെലിഫോൺ പത്രമാസികകൾ എന്നിവ സ്വന്തം ചെലവിൽ ഓരോ വില്ലയിലും ലഭിക്കുന്നതായിരിക്കും.

d) അലക്ക്, മുടിവെട്ട്, തുടങ്ങിയവ: സാധാരണ രീതിയിലുള്ള അലക്ക്, മുടിവെട്ട്, രോഗികൾ ആയിപ്പോയവർക്കുള്ള പ്രത്യേക ശുശ്രൂഷ എന്നിവ ആവശ്യാനുസരണം ഏർപ്പാടു് ചെയ്തുകൊടുക്കുന്നതാണ്. അതിന്റെ ചെലവ് അവരവർ വഹിക്കണം.

e) വാഹനങ്ങൾ: സ്വന്തമായ വാഹനങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനുള്ള പാർക്കിങ്ങ് സൗകര്യം ചെയ്തുകൊടുന്നതാണ്. അതിനായി പ്രത്യേക ഫീസ് ഈടാക്കും. മുൻകൂർ അനുവാദം വാങ്ങണം.

f) ഭക്ഷണം: രുചികരവും, പോഷകഗുണവുമുള്ള ഭക്ഷണം അന്തേവാസികൾക്ക് നല്കുന്നതായിരിക്കും. അതിനായി ഓരോ അന്തേവാസിയും, ആദ്യ മാസം കുറഞ്ഞത് 3000 രൂപ നല്കേണ്ടതാണ്. ഈ തുക, ഉപദേശകസമിതിയുടെ നിർദ്ദേശാനുസരണവും, കൃത്യമായ വരവ് ചെലവുകളുടെ അടിസ്ഥാനത്തിലും, ഓരോ മാസത്തിലും മാററം വരുന്നതായിരിക്കും. ഭക്ഷണച്ചെലവിലേക്കുള്ള തുക എല്ലാ മാസവും മുൻകൂർ അടക്കേതാണ്. കൂടാതെ ദൈനംദിന പരിപാലന ചെലവുകൾക്കായി, ഒരു വീടിന്, മാസം 2000 രൂപ വീതം നൽകേണ്ടതാണ്. ആവശ്യമെങ്കിൽ ഈ തുകയും 6 മാസത്തിലൊരിക്കൽ മാററം വരും.

g) ചികിത്സ: അംഗങ്ങൾക്കുള്ള പ്രഥമശുശ്രൂഷ, സാധാരണ കാണുന്ന ജലദോഷം, പനി തുടങ്ങിയ ചെറിയ അസുഖങ്ങൾക്കുള്ള ചികിത്സ, മരുന്നുകൾ, ഭാരതക്ഷേമം ആശുപത്രിയിലെ ഡോക്ടർമാരുടെ സേവനം എന്നിവ സൗജന്യമായിരിക്കും.

h) ഹോബികൾ, വിനോദങ്ങൾ: നടപ്പ് വ്യായാമത്തിനും, ഉല്ലാസത്തിനും, ഏദൻവില്ല യിരിക്കുന്ന ശാന്തമായ, പച്ചപ്പ് നിറഞ്ഞ പുരയിടം ഉപയോഗിക്കാവുന്നതാണ്.

i) വ്യക്തിപരമായ സഹായികൾ: പൊതുവായുള്ള സഹായികൾക്ക് പുറമേ, വ്യക്തിപരമായി സ്വന്തം സഹായികളെ നിർത്തണമെങ്കിൽ മുൻകൂർ അനുവാദം വാങ്ങിയിരിക്കണം. സ്വന്തം സഹായിയുടെ ഭക്ഷണം, അവർക്കുള്ള മറ്റു ചിലവുകൾ എന്നിവ വഹിക്കുന്നതിന് പുറമെ സഹായിയുടെ താമസചെലവിലേക്ക് ഒരു തുക അടയ്ക്കുകയും വേണം. സഹായിയുടെ പൂർണ്ണമായ വിലാസം, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം അവരെ സംബന്ധിച്ച പരിപൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടുള്ള ഒരു നഷ്ടോത്തരവാദപത്രം സ്റ്റാമ്പ് പേപ്പറിൽ എഴുതി ഒപ്പിട്ടുതരേണ്ടതാണ്.

j) ആദ്ധ്യാത്മിക സേവനങ്ങൾ: ഓരോ അന്തേവാസിക്കും അവരവരുടെ വിശ്വാസമനുസരിച്ച് പ്രാർത്ഥനയ്ക്കും മറ്റും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. അത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടാവാത്ത വിധത്തിൽ ആയിരിക്കണം.

k) അതിഥി സ്വീകരണം: സന്ദർശകരെ സ്വന്തം വില്ലകളിൽ സ്വീകരിക്കാവുന്നതാണ്. എന്നാൽ അതിന്റെ ബാഹുല്യം മറ്റു അന്തേവാസികൾക്ക് ശല്യമാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അതിഥികൾക്ക് ലഘുഭക്ഷണം കൊടുക്കേണ്ട സൗകര്യങ്ങൾ അവരവർത്തന്നെ ചെയ്യുന്നതാണ് നല്ലത്. സന്ദർശകർ രാത്രി താമസിക്കേണ്ടിവരുന്ന സന്ദർഭങ്ങൾ ഉണ്ടായാൽ, അത് ഒന്നോ, രണ്ടോ ദിവസത്തിൽ ഒതുക്കുന്നതാണ് അഭികാമ്യം. രണ്ടിൽ കൂടുതൽ ദിവസം താമസിക്കുന്നതിന് ഏദൻവില്ലയിലെ നിയമം അനുവദിക്കുന്നതല്ല. അതിഥികളുടെ ഭക്ഷണത്തിനുള്ള സംവിധാനവും അവരവർത്തന്നെ ചെയ്യണം. അതിനുള്ള ചെലവും വഹിക്കണം.

l) പുറത്ത് പോകൽ: ബന്ധുജനങ്ങളെ സന്ദർശിക്കുന്നതിനും, മറ്റ് ആവശ്യങ്ങൾക്കും പുറത്തുപോകുവാൻ അന്തേവാസികളെ അനുവദിക്കുന്നതാണ്. എന്നാൽ, ഇങ്ങനെ പോകുന്നതിന്മുൻപ്, പുറത്തുപോകുന്ന സമയം, തിരിച്ചു വരുന്നസമയം, സന്ദർശിക്കുവാൻപോകുന്ന വ്യക്തിയുടെ പേര്, വിലാസം, ഫോൺ നമ്പർ എന്നിവ കാണിച്ച് രേഖാമൂലം വിവരം മാനേജരെ അറിയിച്ചിരിക്കണം. കൊച്ചുകൊച്ചു ആവശ്യങ്ങൾക്കായി അടിക്കടി പുറത്ത് പോകുന്ന രീതി കഴിവതും ഒഴിവാക്കേണ്ടതാണ്.

m) അവധി: മക്കളുടെ കൂടെയോ, മറ്റു അടുത്ത ബന്ധുക്കളുടെകൂടെയോ ദീർഘനാൾ (ഒരു മാസത്തിലേറെ) മാറിത്താമസിക്കാൻ ഉദ്ദേശ്യമുണ്ടെങ്കിൽ, ആ വിവരം അഡ്മിനിസ്ട്രേറ്ററെ അറിയിച്ച് പ്രത്യേകം അനുമതി വാങ്ങിയിരിക്കണം. ഇപ്രകാരമുള്ള താമസം, ഒരു കലണ്ടർ മാസത്തിൽ 10 ദിവസത്തിൽ കൂടുതലാണെങ്കിൽ മെസ് ബില്ലിൽ നിന്നും മൂന്നിൽ ഒരു ഭാഗവും ഇരുപതു ദിവസത്തിൽ കൂടുതലാണെങ്കിൽ മൂന്നിൽ രണ്ടു ഭാഗവും, ഒരു കലണ്ടർ മാസം മുഴുവനും ആണെങ്കിൽ, മുഴുവനായും ഇളവു ചെയ്യുന്നതാണ്. പത്തു ദിവസത്തിൽ കുറവാണെങ്കിൽ ബില്ലിൽ കുറവ് അനുവദിക്കുന്നതല്ല. ഏദൻവില്ലയിൽ നിന്നും മാറിത്താമസിക്കുന്ന കാലഘട്ടം, 6 മാസമോ അതിൽ കൂടുതലോ ആണെങ്കിൽ, അഡ്മിനിസ്ട്രേറ്ററിൽ നിന്നും രേഖാമൂലം അനുവാദം വാങ്ങിയിരിക്കണം. കൂടാതെ, തങ്ങൾക്കനുവദിച്ചു തന്നിട്ടുള്ള വില്ലയുടെ താക്കോൽ തിരികെയേല്പിക്കുകയും വേണം

n) ഐഡന്റിറ്റി കാർഡ് : പുറത്ത് പോകുന്ന അംഗങ്ങൾ തങ്ങളുടെ ഐഡന്റിറ്റി കാർഡ് എല്ലായ്പ്പോഴും കൈവശം വയ്ക്കേണ്ടതാണ്. സായാഹനങ്ങളിൽ കാമ്പസിനുള്ളിൽ നടക്കുവാൻ പോകുന്ന സമയങ്ങളിൽ മൂന്നോ, നാലോ പേരുടെ ചെറുസംഘങ്ങളായി പോകുന്നതായിരിക്കും ഉത്തമം. കാമ്പസിന് വെളിയിൽ പോകുന്നുണ്ടെങ്കിൽ, സവാരി രജിസ്റ്ററിൽ എഴുതേണ്ടതാണ്.

4. ഭക്ഷണസമയം, ഭക്ഷണക്രമം:

ഏദൻവില്ലയിലെ ഭക്ഷണക്രമം താഴെപ്പറയും പ്രകാരമായിരിക്കും.

| | | |
|---|---|---|
| ബെഡ് കോഫി | - | രാവിലെ 6 മണി മുതൽ 7 മണി വരെ |
| പ്രാതൽ (പ്രഭാതഭക്ഷണം) | - | 8 മണി മുതൽ 9.30 മണി വരെ |
| ചായ/കാപ്പി | - | 10.30 മണി മുതൽ 11 മണി വരെ |
| ഉച്ച ഭക്ഷണം | - | ഉച്ചയ്ക്ക് 12.30 മണി മുതൽ 2 മണി വരെ |
| ചായ/കാപ്പി | - | ഉച്ചതിരിഞ്ഞ് 3.30 മണി മുതൽ 4.30 മണി വരെ |
| അത്താഴം (രാത്രി ഭക്ഷണം) | - | ഉച്ചതിരിഞ്ഞ് 7.30 മണി മുതൽ 8.30 മണി വരെ |

പച്ചക്കറി ഭക്ഷണം മാത്രം കഴിക്കുന്നവർക്കായി പ്രത്യേകം തയ്യാർ ചെയ്തു കൊടുക്കുന്നതാണ്. എല്ലാ ഭക്ഷണ പദാർത്ഥങ്ങളും പൊതു ഭക്ഷണമുറിയിൽ മാത്രമേ കൊടുക്കുകയുള്ളൂ. ഒരു കാരണവശാലും അത് അന്തേവാസികളുടെ താമസസ്ഥലത്ത് കൊണ്ടുപോയി കൊടുക്കുന്നതല്ല. കൊണ്ടുപോകാനും പാടില്ല. അനാരോഗ്യം മൂലം തീരെ ഒഴിച്ചുകൂടാനാകാത്ത സന്ദർഭങ്ങളിൽ മാനേജരുടെ പ്രത്യേക അനുമതി വാങ്ങിയതിന്ശേഷം മാത്രം, ഭക്ഷണ പദാർത്ഥങ്ങൾ സ്വന്തം മുറിയിലേക്ക് കൊണ്ടു പോകാവുന്നതാണ്.

ഉപദേശകസമിതിയുടെ നിർദേശങ്ങൾക്കനുസരിച്ചായിരിക്കും ഓരോ ദിവസത്തേക്കുമുള്ള ഭക്ഷണ വിഭവങ്ങൾ തീരുമാനിക്കുക. നോൺ വെജിറ്ററിയൻ ഭക്ഷണം കഴിയ്ക്കുന്നവർക്ക് ആഴ്ചയിൽ അഞ്ച് (5) ദിവസം മത്സ്യ-മാംസാദികളും, ഒരു ദിവസം മുട്ടയും, ഒരു ദിവസം പച്ചക്കറിയും ആയിരിക്കും.

5. ആരോഗ്യപരിപാലനവും, മരുന്നുകളും:

ആരോഗ്യപരിപാലനത്തിന്റെ ഭാഗമായി, സാധാരണയായി നടത്താറുള്ള രക്ത, മൂത്ര, രക്തസമ്മർദ്ദ പരിശോധനകൾ രണ്ടാഴ്ചയിലൊരിക്കലോ, മാസത്തിലൊരിക്കലോ സൗജന്യമായി നടത്തുന്നതാണ്. സാധാരണയായി കാണുന്ന ജലദോഷം, പനി, ചുമ, തലവേദന, ശരീരവേദന തുടങ്ങിയ ചെറിയ അസുഖങ്ങൾക്കുള്ള ചികിത്സ ഭാരതക്ഷേമം ആശുപത്രിയിൽ നിന്നും സൗജന്യമായി നടത്തിക്കൊടുക്കുന്നതാണ്. അതിനുള്ള മരുന്ന്കളും സൗജന്യമായിരിക്കും. എന്നാൽ ഗുരുതരമായ മറ്റു അസുഖങ്ങൾ വന്നാലും സ്കാനിങ്ങ് എക്സറേ, ഇ.സി.ജി., എക്കോ കാർഡിയോഗ്രാം തുടങ്ങിയ ചെലവ് കൂടുതലായുള്ള സൂക്ഷ്മ പരിശോധനകളും, തുടർന്നുള്ള ചികിത്സയും, അന്തേവാസിയോ, ബന്ധുക്കളോ നടത്തേണ്ടതും അതിന് വേണ്ടിവരുന്ന ചെലവുകൾ വഹിക്കേണ്ടതും ആകുന്നു. മാരകമായ ഏതെങ്കിലും മാറാരോഗം പിടിപ്പെടുകയാണെങ്കിൽ അത്തരം അന്തേവാസികൾ "ഏദൻവില്ല" വിട്ടു പോകേണ്ടതാണ്. അവർക്ക് നിയമാനുസരണം തിരികെ ലഭിക്കാവുന്ന തുകയ്ക്ക് അർഹതയുണ്ടായിരിക്കും.

IX. ഏദൻവില്ലയിൽ ലഭ്യമാകുന്ന മറ്റു സൗകര്യങ്ങൾ:

a) ഒന്നിടവിട്ട ദിവസങ്ങളിൽ വൃത്തിയാക്കൽ
b) എല്ലാ വില്ലകളിലും ടെലിഫോൺ (incoming calls only)
c) ചൂട് വെള്ളം
d) ടെലിവിഷൻ, കേബിൾ കണക്ഷൻ (Optional)
e) തുണിയലക്കുന്നതിനുള്ള സൗകര്യം
f) മലയാളത്തിലും, ഇംഗ്ലീഷിലുമുള്ള ഓരോ ദിനപത്രങ്ങൾ ലൈബ്രറിയിലുണ്ടാകും
g) ലൈബ്രറി
h) മാനസിക ഉല്ലാസത്തിന്നായുള്ള തോട്ടം, മറ്റു സൗകര്യങ്ങൾ
i) അപേക്ഷാഫാറത്തിൽ കാണിച്ചിട്ടുള്ള ബന്ധുവിന്/മക്കൾക്ക് രണ്ടു ദിവസത്തിൽ കൂടാത്ത കാലഘട്ടം കൂടെ താമസിക്കാനുള്ള സൗകര്യം. ഇതിനുള്ള ഭക്ഷണ ചെലവ് അന്തേവാസി വഹിക്കേണ്ടിവരും.
j) അന്തേവാസികളുടെ ഇഷ്ടാനുസരണം, രണ്ടാഴ്ചയിൽ ഒരിക്കലോ, മാസത്തിലൊരിക്കലോ, തൃശ്ശൂർ പട്ടണത്തിൽ 4-5 മണിക്കൂർ സമയം ചെലവഴിക്കത്തക്ക വിധത്തിൽ വാഹനസൗകര്യം ഏർപ്പെടുത്തി കൊടുക്കുന്നതാണ്.

X. അന്തേവാസിയുടെ മരണം:

ഏതെങ്കിലും ഒരന്തേവാസി ഏദൻവില്ലയിൽ വച്ച് മരണമടഞ്ഞാൽ വിവരം ഉടനടി അപേക്ഷാഫാറത്തിൽ കാണിച്ചിരിക്കുന്ന ബന്ധുവിനെ അറിയിക്കുന്നതായിരിക്കും. അവർ മൃതദേഹം ഏറ്റെടുത്ത് സംസ്ക്കരിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്. ബന്ധുക്കൾ ഏറ്റെടുക്കാത്തപക്ഷം, മൃതശരീരം മോർച്ചറിയിലേക്ക് മാറ്റുകയും, മൂന്ന് ദിവസത്തിനുള്ളിൽ അവകാശികൾ ആരും വന്നില്ലെങ്കിൽ, മുനിസിപ്പാലിറ്റിയുടെ/ പഞ്ചായത്തിന്റെ പൊതു ശ്മശാനത്തിൽ മറവ് ചെയ്യുന്നതുമായിരിക്കും. അതിന്റെ ചെലവ് അവകാശികൾ വഹിക്കണം.

XI. ഒഴിഞ്ഞുപോകൽ/ഒഴിവാക്കൽ:

a) ഒരു അന്തേവാസിക്ക് ഏദൻവില്ലയിൽ നിന്നും സ്ഥിരമായി ഒഴിഞ്ഞുപോകണമെങ്കിൽ അതിന് രേഖാമൂലമുള്ള അപേക്ഷ 3 മാസം മുമ്പ് മാനേജർക്ക് സമർപ്പിക്കേണ്ടതാണ്. അസാധാരണ സന്ദർഭങ്ങളിൽ ഉടനടി വിട്ട് പോകുവാൻ അനുവാദം കൊടുക്കുന്നതാണ്. എന്നാൽ പലിശരഹിത നിക്ഷേപത്തുക നിബന്ധനകൾക്ക് വിധേയമായി, മൂന്ന്

മാസത്തിനുശേഷം മാത്രം തിരികെ നല്കുന്നതാണ്. ഈ മൂന്ന് മാസക്കാലം നിബന്ധനയിൽപ്പറയുന്ന കാലാവധിയിൽ ഉൾപ്പെടുത്തുന്നതല്ല. കുടിശ്ശികകൾ ഉണ്ടെങ്കിൽ നിക്ഷേപതുകയിൽ നിന്നും പ ിടിക്കുന്നതാണ്.

b) ഗുരുതരമായിട്ടുള്ള സ്വഭാവദൂഷ്യം, ഒരു തരത്തിലും നിയന്ത്രിക്കുവാൻ സാധിക്കാത്ത പെരുമാറ്റം, മറ്റു അന്തേവാസികളുടെ സ്വൈര്യജീവിതത്തിന് തടസ്സം തുടങ്ങിയ കാരണങ്ങളാൽ ഒരന്തേവാസിയെ ഏദൻ വില്ലയിൽ നിന്നും ഒഴിവാക്കുന്നതിന് നിർവ്വാഹകസമിതിയ്ക്ക് അധികാരമുണ്ട്. ആ അന്തേവാസിയ്ക്ക് മുൻകൂർ നോട്ടീസ് കൊടുക്കുകയും, അവരുടെ വാദമുഖങ്ങൾ കേൾക്കുകയും, വിശദമായ അന്വേഷണം നടത്തി, ആ അന്തേവാസിയെ ഒഴിവാക്കുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടെന്ന് സമിതിക്ക് ബോദ്ധ്യം വരുകയും ചെയ്തതിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടികൾ എടുക്കാവൂ. ഇങ്ങനെ ഒഴിവാക്കപ്പെടുന്ന അംഗത്തിന് ഒഴിവാക്കപ്പെടുന്ന തീയ്യതിയിൽ നിയമാനുസരണം അർഹതപ്പെട്ട നിക്ഷേപത്തുക തിരികെ നല്കുന്നതാണ്. ഇപ്രകാരം ഒരന്തേവാസി ഒഴിവാക്കപ്പെട്ടാൽ മേല്പടി നടപടി അയാളുടെ ഭാര്യ/ഭർത്താവിന് കൂടി ബാധകമാണ്.

XII. <u>നിയമനിർമ്മാണം, ഭേദഗതി:</u>

ഏദൻവില്ലയുടെ നിയമങ്ങളിലും, നിബന്ധനകളിലും എന്തെങ്കിലും മാറ്റം വരുത്തണ മെങ്കിൽ, **ഭാരതക്ഷേമം കമ്പനിയുടെ ഡയറക്ടർ ബോർഡിന്** മാത്രമേ അധികാര മുണ്ടായിരിക്കുകയുള്ളൂ. നിയമഭേദഗതികൾ ഉപദേശകസമിതിയുടെ നിർദ്ദേശത്തോടെ നിർവ്വഹണസമിതിയിൽ സമർപ്പിക്കുകയും, നിർവ്വഹണസമിതി തങ്ങളുടെ ശുപാർശയോടെ കമ്പനി ഡയറക്ടർ ബോർഡിൽ സമർപ്പിക്കുകയും വേണം. ആയത് ബോർഡ് യുക്താനുസരണം പാസ്സാക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതാണ്. കമ്പനി ഡയറക്ടർ ബോർഡിന് സ്വമേധയാ നിയമഭേദഗതി നടത്തുവാനും അധികാരമുണ്ടായിരിക്കും.

XIII. <u>ഉടമ്പടി:</u>

ഏദൻവില്ലയിൽ അന്തേവാസിയാകുവാൻ ആഗ്രഹിക്കുന്നവർ നിയമാവലി ശ്രദ്ധാപൂർവ്വം വായിച്ചു മനസ്സിലാക്കിയതിന് ശേഷം മാത്രം അപേക്ഷ നല്കുകയും അപേക്ഷ പാസ്സായതിന് ശേഷം പണമടയ്ക്കുകയും അതോടൊപ്പം സർക്കാർ നിർദ്ദേശപ്രകാരം ആവശ്യമായ മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പിട്ടുനല്കുകയും വേണം.